## കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 14 | 2022 |
|---|---|



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

## മാളികപ്പുറത്തെ ഹോട്ടലിൽ നിന്നും പഴകിയ ഭക്ഷണം പിടികൂടി നശിപ്പിച്ചു

മാളികപ്പുറം ക്ഷേത്രത്തിന് സമീപമുള്ള ഹോട്ടലിൽ റവന്യൂ സ്ക്വാഡ് നടത്തിയ പരിശോധനയിൽ പഴകിയ ഭക്ഷണം പിടിച്ചെടുത്ത് നശിപ്പിച്ചു. മാളികപ്പുറത്തെ പോലീസ് ക്വാർട്ടേഴ്സിന് എതിർ വശത്തുള്ള ഹോട്ടലിൽ സൂക്ഷിച്ചിരുന്ന രസം, മോര് എന്നിവയാണ് നശിപ്പിച്ചത്. ഡ്യൂട്ടി മജിസ്ട്രേറ്റ് കെ.ശ്രീകുമാർ, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കെ.ഗോപകുമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന. വരും ദിവസങ്ങളിലും സന്നിധാനത്തെ ഭക്ഷണശാലകളിൽ കർശനമായ പരിശോധന തുടരുമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് അറിയിച്ചു.

(പി.ആർ.ശബരി - 157)


